
സെർജി ആൻറണി



# കൈനകരിയുടെ പുണ്യതേജസ്

വയലേലകളുടെയും തെളിനീരരുവികളുടെയും ഇടയിലൊരു തുരുത്ത്. രണ്ടു നൂറ്റാണ്ടിനു മുമ്പ് ഈ കുട്ടനാടൻ ഗ്രാമം ദുർഗമമോ ഒറ്റപ്പെട്ടതോ ആയിരുന്നുവെന്നു നമുക്കു തോന്നിയേക്കാം.യാത്രാസൗകര്യങ്ങൾ കുറവായിരുന്നുവെങ്കിലും പ്രധാനകരയുമായി അടുത്തസമ്പർക്കം പുലർത്തിയിരുന്ന ഈ തുണ്ടുഭൂമിയിൽ പ്രകൃതിയുടെ, ഈശ്വരന്റെ വരദാനങ്ങൾ ഏറെ വർഷിക്കപ്പെട്ടിട്ടുണ്ട്.

കര ഏറെ കുറവ്. കായലും പാടങ്ങളും അനന്തവിസ്തൃതിയിൽ. കൈനകരിയിലെ ഇത്തരമൊരു പച്ചത്തുരുത്തിൽ തടി കൊണ്ടു നിർമിച്ചൊരു പുരാതന തറവാട്. ഓല മേഞ്ഞ മേൽക്കൂര. അറയും നിരയുമുള്ള ഈ ചെറുവീട്ടിലാണ് പുണ്യശ്ലോകനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ പിറന്നു വീണത്. ഈ പുണ്യഗൃഹം കൈനകരിയിൽ ഇന്നും പഴമ നഷ്ടപ്പെടാതെ സംരക്ഷിച്ചിരിക്കുന്നു - ചാവറഭവൻ എന്ന പേരിൽ.

വേമ്പനാട്ടുകായലിനോടും പമ്പാനദിയുടെ ചെറുശാഖകളോടും തൊട്ടുരുമ്മിക്കിടക്കുന്ന ഹരിതഭൂമിയാണു കൈനകരി . കരഭൂമിയിൽ തെങ്ങും വാഴയും നടുതലകളുമൊക്കെ നന്നേ വിളയുന്നു. നെൽകൃഷിയുടെ കാലമായാൽ പച്ചപ്പട്ടുവിരിച്ചപോൽ വിസ്തൃതമായ പാടങ്ങൾ. കൊയ്ത്തുകാലത്ത് കനമേറിയ കതിർമണികളണിഞ്ഞ് അവ സ്വർണവർണമാകും.

കുട്ടനാടിന്റെ പ്രത്യേകതകളും പ്രകൃതിസൗന്ദര്യവും വിളങ്ങുന്നിൽക്കുന്ന കൈനകരി ആലപ്പുഴയുടെ കൈനഗരിയാണ്. കിഴക്കിന്റെ വെനീസ് എന്നറിയപ്പെട്ടിരുന്ന ആലപ്പുഴയോടു തൊട്ടുരുമ്മിക്കിടക്കുന്ന ഈ മനോഹര ഗ്രാമം ഇന്ന് ഏറെ അറിയപ്പെടുന്നത് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ജന്മസ്ഥലമെന്ന നിലയിലാണ്.

ഒരുകാലത്ത് ആലപ്പുഴ വലിയൊരു വാണിജ്യകേന്ദ്രമായിരുന്നു. വലിയ കൊപ്രാക്കളങ്ങളും കയർഫാക്ടറിക



കൈനകരി ഒരു ദൃശ്യം



***കൈനകരിയിൽ ചാവറയച്ചൻ ജനിച്ച ഭവനം***

ളുമൊക്കെ ഇതിന്റെ സ്മാരകമെന്നോണം ഇപ്പോഴും അങ്ങിങ്ങ് പൊട്ടിപ്പൊളിഞ്ഞു കിടപ്പുണ്ട്. കിഴക്കൻപ്രദേശങ്ങളിൽനിന്നു വള്ളങ്ങളിലാണ് അക്കാലത്ത് കച്ചവടക്കാരും മറ്റും വേമ്പനാട്ടുകായൽ കടന്ന് ആലപ്പുഴയിലെത്തിയിരുന്നത്.

അന്ന് കൈനകരി അടക്കമുള്ള കുട്ടനാടൻ പ്രദേശങ്ങൾ സമൃദ്ധിയിലും സംസ്കാരത്തിലും മുന്നിട്ടുനിന്നിരുന്നു. അധ്വാനശീലരായ കർഷകരും കർഷകത്തൊഴിലാളികളും കരപ്പാടങ്ങളിലും, ബണ്ടുതീർത്ത് കായൽ വകഞ്ഞുമാറ്റി വെള്ളം വറ്റിച്ച് കായൽപ്രദേശങ്ങളിലും നെൽക്കൃഷി ചെയ്തു. പാടങ്ങളുടെ ഓരങ്ങളിലെ ബണ്ടുകൾ സമൃദ്ധമായി കായ്ക്കുന്ന കല്പവൃക്ഷങ്ങളാലും നിറഞ്ഞുനിന്നു.

ക്രൈസ്തവപാരമ്പര്യം ഏറെ അവകാശപ്പെടാനുണ്ട് കുട്ടനാടൻ പ്രദേശത്തിന്. പുരാതനമായ പല ക്രൈസ്തവകുടുംബങ്ങളും ഈ പ്രദേശത്ത് നൂറ്റാണ്ടുകളായി താമസിച്ചുപോരുന്നു. ചങ്ങനാശേരി അതിരൂപതയുടെ രണ്ട് ആരംഭകാല ബിഷപ്പുമാർ കുട്ടനാട്ടുകാരായിരുന്നു. കൈനകരിയിൽ നിന്നുതന്നെയുള്ള ബിഷപ് മാർ ജയിംസ് കാളാശേരിയും ചമ്പക്കുളത്തു നിന്നുള്ള ബിഷപ് മാർ തോമസ് കുര്യാളശേരിയും. മാതൃഗൃഹമായ കൈനകരി കാളാശേരിയിലാണ് മാർ കുര്യാളശേരി ജനിച്ചതും എറണാകുളം വികാരിയാത്തിന്റെ പ്രഥമ മെത്രാനായിരുന്ന മാർ ളുയിസ് പഴേപറമ്പിലും കുട്ടനാട്ടിലെ പുളിങ്കുന്നു സ്വദേശി ആയിരുന്നു.

വിദ്യാഭ്യാസ മേഖലയിലും കുട്ടനാടിന് സംസ്ഥാനത്തിന്റെ ഇതര ഭാഗങ്ങളെ അപേക്ഷിച്ച് സമ്പന്നമായൊരു ചരിത്രമുണ്ട്. ശതാബ്ദി പിന്നിട്ട നിരവധി പ്രശസ്ത സ്കൂളുകൾ ഈ പ്രദേശത്തുണ്ട്. പുളിങ്കുന്ന് സെന്റ് ജോസഫ്സ്, കൈനകരി സെന്റ് മേരീസ്, ചമ്പക്കുളം സെന്റ് മേരീസ് എന്നീ ഹൈസ്കൂളുകൾ ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസ വികസനത്തിന് വലിയ സംഭാവനയാണ് നല്കിയിട്ടുള്ളത്.

നിരവധിയായ സർക്കാർ സ്കൂളുകളും കുട്ടനാടിന്റെ അക്ഷരചൈതന്യം വ്യക്തമാക്കുന്നു. കൈനകരിയിൽ തന്നെ പഴക്കമേറിയ മൂന്ന് സർക്കാർ സ്കൂളുകളുണ്ട്. അതിലൊന്ന് ചാവറ ഭവനു സമീപമുള്ള ഗവൺമെന്റ് എൽ.പി. സ്കൂളാണ്. തോട്ടുവാത്തല എൽ.പി. സ്കൂളും കുട്ടമംഗലം സ്കൂളും കൈനകരിയുടെ വിദ്യാഭ്യാസ പാരമ്പര്യം വെളിപ്പെടുത്തുന്ന മറ്റു രണ്ടു സർക്കാർ വിദ്യാലയങ്ങളാണ്.

കുട്ടനാടൻ പ്രദേശങ്ങളിലെ സാക്ഷരതാനിരക്ക്, പ്രത്യേകിച്ച് സ്ത്രീകളുടെ സാക്ഷരതാനിരക്ക്,കേരളം സമ്പൂർണ സാക്ഷരത കൈവരിക്കും മുൻപുതന്നെ വളരെ ഉയർന്നതായിരുന്നു. അധഃസ്ഥിതസമൂഹങ്ങളുടെ വിദ്യാഭ്യാസപരമായ പുരോഗതി ഏറ്റവും കൂടുതലായി ഉണ്ടായിട്ടുള്ള പ്രദേശവും കുട്ടനാടാണ്. ദേശീയ സിവിൽ സർവീസിലുൾപ്പെടെ ഉന്നത ഉദ്യോഗസ്ഥാനങ്ങളിൽ എത്തിയിട്ടുള്ള പിന്നോക്കവിഭാഗക്കാർ ഏറെയുള്ള പ്രദേശമാണിത്. ഇപ്പോഴും നിരവധി ഉയർന്ന പദവികൾ വഹിക്കുന്ന കൈനകരിക്കാരായ നിരവധി പിന്നോക്കവിഭാഗക്കാർക്ക് ഈ പ്രദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏറെ സഹായകമായിട്ടുണ്ട്. ഇതിൽത്തന്നെ കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പങ്ക് നിർണായകമായിരുന്നു.



ജലകേളികളുമായി ആത്മബന്ധമുള്ള നാടാണ് കൈനകരി. പ്രശസ്തമായ നെഹ്റുട്രോഫി വള്ളംകളിയിൽ ഏറ്റവും കൂടുതൽ തവണ വിജയം നേടിയിട്ടുള്ളത് കൈനകരിയിലെ തുഴച്ചിൽകാരാണ്. യു.ബി.സി. കൈനകരി ടീം ജലമേളകളുടെ ആവേശമാണ്. പമ്പയുടെ കൈവഴികളും വേമ്പനാട്ടുകായലിന്റെ സാമീപ്യവും വെള്ളവും വള്ളവുമായുള്ള ബന്ധം അഭേദ്യമാക്കുന്നു. ഗതാഗതത്തിന് ജലവാഹനങ്ങൾ ഇന്നും കൈനകരിക്കാരുടെ പ്രധാന ആശ്രയമാണ്. കുട്ടനാടൻ പ്രദേശങ്ങളിൽ റോഡുകൾ ഏറെ വന്നെങ്കിലും കൈനകരി വില്ലേ

ജിൽ ഇവ വളരെ കുറവാണ്. നെടുകെയും കുറുകെയുമുള്ള തോടുകളും പുഴകളും റോഡുനിർമാണം കൂടുതൽ ശ്രമകരവും പണച്ചെലവേറിയതുമാക്കുന്നു. നിരവധി നീന്തൽതാരങ്ങളെയും ഈ നാട് സംഭാവന ചെയ്തിട്ടുണ്ട്. അന്തർദേശീയ തലത്തിൽ വരെ പ്രശസ്തരായ ചാവറ സഹോദരങ്ങളും ഇതിൽ ഉൾപ്പെടുന്നു.

ചാവറയച്ചന്റെ ജന്മഗൃഹമായ ചാവറ ഭവനിലേക്ക് എത്തണമെങ്കിൽ ഇപ്പോഴും ജലവാഹനങ്ങളെത്തന്നെ ആശ്രയിക്കേണ്ടതുണ്ട്. ആലപ്പുഴയിൽനിന്നും കിഴക്കൻപ്രദേശങ്ങളിൽ നിന്നും നിരവധിയാളുകൾ ഈ ദുർഘട ജലപാതകൾ താണ്ടി ചാവറഭവനിലെത്തുന്നു, അനുഗ്രഹവർഷം അനുഭവിക്കുന്നു.

സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ കുട്ടനാട്ടിൽ നിന്നു നിരവധി പ്രമുഖർ സജീവമായി രംഗത്തുണ്ടായിരുന്നു. കുട്ടനാട് രാമകൃഷ്ണപിള്ളയെപ്പോലുള്ളവർ ഈ നാടിന്റെ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ഉജ്ജ്വലനക്ഷത്രങ്ങളാണ്. കൈനകരിയിൽനിന്നും നിരവധി പേർ മഹാത്മജിയുടെ ആഹ്വാനം ശ്രവിച്ച് സ്വാതന്ത്ര്യസമര പോരാട്ടത്തിൽ ഭാഗഭാക്കായി. പന്ത്രണ്ടാം വയസിൽ മഹാത്മജിക്ക് ജെയ് വിളിച്ച കൈനകരി ബേബി, കെ.പി.സി.സി. ജനറൽ സെക്രട്ടറിയായിരുന്ന ശാർങ്ഗധരൻ വക്കീൽ, കെ.സി. ജോബ്, കെ.സി. നൈനാൻ, ഐസക് സഖറിയാസ് ഐക്കര തുടങ്ങി ഈ ലിസ്റ്റിൽ കൈനകരിക്കാരും കുറവല്ല.

കർഷകത്തൊഴിലാളികളുടെ പോരാട്ടങ്ങൾക്കും ഈ ഭൂമി വേദിയായിട്ടുണ്ട്. ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദന്റെ ആദ്യകാല തട്ടകമായിരുന്നു ഇവിടം. പുന്നപ്ര-വയലാർ സമരകാലത്തെ പോരാട്ടചരിത്രം പറയുന്ന വിപ്ലവകാരികളുടെയും നാടാണിത്. ഈ പോരാട്ടസരണിയിലെ പിൻമുറക്കാരിൽ മുൻ എംഎൽഎ ആയ സി.കെ. സദാശിവനും ഇപ്പോഴത്തെ പന്തളം എംഎൽഎ കെ.കെ. ഷാജുവും ഉൾപ്പെടുന്നു.

ആലപ്പുഴ നിന്നോ നെടുമുടിയിൽ നിന്നോ അരമണിക്കൂർ ബോട്ടിൽ യാത്ര ചെയ്താൽ കൈനകരിയിലെത്താം. കുട്ടനാടിന്റെ പശ്ചിമഭാഗത്തു സ്ഥിതി ചെയ്യുന്ന കൈനകരി ഇടവകപ്പള്ളിയിൽ നിന്നു മൂന്നു ഫർലോംഗ് വടക്കായി പുഞ്ചപ്പാടത്തിന്റെ മധ്യത്തായിട്ടാണ് 'കിഴക്കെ ചാവറ' 'പടിഞ്ഞാറെ ചാവറ' എന്നീ രണ്ടു പുരാതന ഭവനങ്ങൾ സ്ഥിതി ചെയ്തിരുന്നത്. ഒറ്റത്തായിയും മുഖപ്പും കിഴക്കു ദർശനവുമായി തെക്കുവടക്കു നിൽക്കുന്ന 'കിഴക്കേ ചാവറ' എന്ന ഗൃഹത്തിലാണ് ചരിത്രപുരുഷനായ കുര്യാക്കോസ് ഏലിയാസച്ചൻ ഭൂജാതനായത്. മാർത്തോമ്മാ ശ്ലീഹായാൽ ജ്ഞാനസ്നാനം നൽകപ്പെട്ട പുരാതന കുടുംബങ്ങളിൽ ഒന്നായ പകലോമറ്റം ശാഖയിൽപ്പെട്ടതാണ് ചാവറക്കുടുംബം. പാലയൂരിൽനിന്ന് കുറവിലങ്ങാട്ട് വന്ന് താമസിച്ചിരുന്ന പ്രസ്തുത കുടുംബാംഗമായ ഒരാൾ കൈനകരിയിൽ മുക്കാട്ട് വന്ന് വാസമുറപ്പിക്കുകയും അവിടെനിന്ന് മീനപ്പള്ളി, കാളാശേരി എന്നീ കുടുംബങ്ങൾ ഉദ്ഭൂതമാവുകയും ചെയ്തു എന്നാണ് പാരമ്പര്യം. ഫാ. വലേരിയൻ സി.ഡി.യുടെ 'വാഴ്ത്തപ്പെട്ട ദിവ്യശ്രീ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ' എന്ന ഗ്രന്ഥത്തിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

മീനപ്പള്ളിൽ തറവാട്ടിൽനിന്നാണ് ചാവറക്കുടുംബത്തിലേക്ക് മാറിപ്പാർത്തിട്ടുള്ളത്. അവിടെ കുര്യാക്കോ-മറിയം ദമ്പതികളുടെ പുത്രനായി 1805 ഫെബ്രുവരി പത്തിനാണ് കുര്യാക്കോസ് ഏലിയാസച്ചന്റെ ജനനം.

തന്റെ സ്വഭാവരൂപീകരണത്തിൽ മാതാവിനുണ്ടായിരുന്ന സ്വാധീനം കുര്യാക്കോസ് ഏലിയാസച്ചന്റെ 'ആത്മാനുതാപം' എന്ന കൃതിയിൽ വർണിച്ചിട്ടുണ്ട്. കവിതാരൂപത്തിലുള്ളതാണ് ഈ കൃതി. പ്രാർഥനാജീവിതത്തിന്റെ ആദ്യപാഠങ്ങൾ അമ്മയിൽനിന്നും അഭ്യസിച്ചതിനെപ്പറ്റി പ്രസ്തുത കൃതിയിൽ വിവരിക്കുന്നു.

കൈനകരിപ്പള്ളി അന്ന് സ്ഥാപിതമായിരുന്നില്ല. ചേന്നങ്കരി ഇടവകയുടെ ഭാഗമായിരുന്നു അന്ന് കൈനകരി. അതുകൊണ്ട് 1805 ഫെബ്രുവരി 18-ന് ശിശുവിന്റെ ജ്ഞാനസ്നാനം ചേന്നങ്കരി പള്ളിയിലാണ് നടന്നത്. സ്വപിതാവിന്റെ നാമധേയമായ കുര്യാക്കോസ് എന്ന പേര് ശിശുവിന് നൽക



പ്പെട്ടു. ഒരു സഹോദരനും നാല് സഹോദരികളുമുണ്ടായി
രുന്നു. കനിഷ്ഠപുത്രനായ കുര്യാക്കോസ് ചെറുപ്പത്തിലേ
തന്നെ ദൈവത്തിനും മനുഷ്യനും പ്രീതികരമായ ജീവിത
മാണ് നയിച്ചത്.ദിവ്യബലിയിൽ സംബന്ധിക്കുന്നതിനും മറ്റു
മായി കുടുംബാംഗങ്ങളോടൊപ്പം ചേന്നങ്കരി സെന്റ്
ജോസഫ്സ് ദേവാലയത്തിലേക്ക് കുര്യാക്കോസ് വള്ളത്തി
ലാണ് യാത്ര ചെയ്തിരുന്നത്. വള്ളം തുഴയാൻ കുര്യാക്കോ
സിനു താത്പര്യമായിരുന്നു. വള്ളവും വഞ്ചിപ്പാട്ടുമൊക്കെ
അങ്ങനെ ആ ചെറുമനസ്സിൽ കുടിയേറി.

അഞ്ചാമത്തെ വയസിൽ ബാലനെ എഴുത്തിനിരുത്തി.
അഞ്ചുകൊല്ലംകൊണ്ട് അന്നത്തെ നടപ്പനുസരിച്ചുള്ള പ്രാഥ
മിക വിദ്യകളെല്ലാം കുര്യാക്കോസ് ഹൃദിസ്ഥമാക്കി. വിദ്യാ
ഭ്യാസത്തോടൊപ്പം സുകൃതാഭ്യാസത്തിലും കുര്യാക്കോസ്
ഏറെ താത്പര്യം കാട്ടി. ദൈവസേവനത്തിനുള്ള വിളി ചെറു
പ്രായത്തിലേ ഈ ബാലനിൽ അങ്കുരിച്ചുകഴിഞ്ഞിരുന്നു.

പത്താം വയസിൽ പള്ളിപ്പുറത്ത് പാലയ്ക്കൽ തോമാമ
ല്പാനച്ചനാണ് കുട്ടിയുടെ ദൈവകൃപ മനസിലാക്കി വൈദി
കപഠനത്തിനുള്ള വഴിയൊരുക്കിയത്.

1829 നവംബറിൽ കുര്യാക്കോസ് അർത്തുങ്കൽ വിശുദ്ധ
അന്ത്രയോസ് ശ്ലീഹായുടെ ദേവാലയത്തിൽവച്ച് 24-ാമത്തെ
വയസിൽ മൗറെലിയൂസ് സ്തബലീനി മെത്രാനിൽനിന്നു
വൈദികപട്ടം സ്വീകരിച്ചു. ആഗമനകാലത്തിന്റെ ഒന്നാം
ഞായറാഴ്ച പ്രഥമദിവ്യബലി അർപ്പിക്കുകയും ചെയ്തു.
തുടർന്ന് കുറെക്കാലം ചേന്നങ്കരി,പുളിങ്കുന്ന് പള്ളികളിൽ
താമസിച്ച് വൈദികശുശ്രൂഷ നടത്തി. കുട്ടനാട്ടിലെ പള്ളി
കളിൽ ദർശനതിരുന്നാളിൽ ദിവ്യകാരുണ്യപ്രദിക്ഷണങ്ങൾ
നടത്തുന്നതിനു പ്രേരണ നല്കിയതും ചാവറയച്ചനാണ്.

ജന്മനാടിനോടുള്ള കുര്യാക്കോസ് ഏലിയാസച്ചന്റെ സവി
ശേഷവാത്സല്യം ഫാ. വലേരിയൻ എഴുതിയ പുസ്തകത്തി
ലുള്ള കൈനകരി ഇടവകക്കാർക്കുള്ള ലേഖനം വായിക്കു
ന്നവർക്ക് വ്യക്തമാകും. ഇത് ഒരു പ്രദേശത്ത് താമസിക്കു
ന്നവർക്കുവേണ്ടി മാത്രമുള്ള ഉപദേശനിർദേശങ്ങളല്ല. സകല
കുടുംബങ്ങളും സമൂഹവും പുലർത്തേണ്ട നീതിമര്യാദകളും
കീഴ്വഴക്കങ്ങളും ഒക്കെ അതിൽ സവിസ്തരം പ്രതിപാദി
ച്ചിട്ടുണ്ട്.

"ഒരു തറവാടിന്റെ ബഹുമാനവും ഭാഗ്യവും യാതൊരു
വഴക്കുമില്ലാതെ എല്ലാവരോടും സമാധാനമായിരിക്കുന്ന
തത്രേ." "എത്രയും ദ്രവ്യമുള്ള കുടുംബം കടമില്ലാത്ത കുടും
ബമാകുന്നു" തുടങ്ങി പ്രായോഗിക ജീവിതത്തിനുതകുന്ന
നിരവധി നിർദേശങ്ങൾ പ്രസ്തുത കത്തിൽ പറഞ്ഞിട്ടുണ്ട്.

"പ്രിയപ്പെട്ടവരെ, ഞാൻ മാംസബന്ധത്താൽ ചേന്നൻക
രിപള്ളി ഇടവകയിൽ ചാവറ കുര്യാക്കോസ് എന്ന ആളിന്റെ
മകൻ ആകുന്നു. എന്നാൽ സർവേശ്വരൻ ഇഹലോകത്തിൽ
എന്നെയും സൃഷ്ടിക്കാൻ തിരുമനസായി. ഇപ്പോൾ ഈ
തറവാട്ടിലും കാരണവന്മാരിലും എന്നെ ജനിപ്പിച്ചതിനാൽ,
എന്റെ മാംസബന്ധക്കാരായ നിങ്ങൾക്ക് നീതിയാലെയും
ഉപവിയാലെയും ഉപകാരം ചെയ്യാൻ എനിക്ക് ഒരു വിശേ
ഷകടമയുണ്ട്.... ആയതിനാൽ എല്ലാറ്റിനും ആയി എന്റെ
കൈ എഴുത്താൽ ഇതിനെ ഞാൻ നിങ്ങൾക്കു തരുന്നു.
ഞാൻ മരിച്ചാലും ഈ കടലാസ് മരിക്കയില്ല.

ആകയാൽ ഇത് എന്റെ നിക്ഷേപമായി കാക്കുവാൻ എന്റെ
മക്കളായ കൈനകരി കുരിശുപള്ളിക്കാരായ നിങ്ങളെ ഞാൻ
ഇത് ഏല്പിക്കുന്നു" 1868-ാം കാലം കുംഭമാസം 18 എന്ന
തീയതിവച്ച് കർമ്മലീത്താ ദിസ്കാൾഡ് മൂന്നാം സഭ
മാന്നാനം മുതലായ കൊവേന്തകളുടെ പ്രിയോർ തിരുക്കു
ടുംബത്തിന്റെ ആഹാ കുരിയാക്കോ ഏലിയാ എന്നു പേരു
വച്ചു നൽകിയ ചൈതന്യദീപ്തി നിറഞ്ഞ ഈ കത്തിൽ
ചാവറ കുര്യാക്കോസ് ഏലിയാസച്ചനു ജന്മനാടിനോടുള്ള
സ്നേഹവും വാത്സല്യവും നിറഞ്ഞുനിൽക്കുന്നു.

